ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : മിണ്ടാപ്രാണികൾക്കു വേണ്ടി ഹൃദയസ്പർശിയായി അഭ്യർത്ഥന നടത്തിയ മന്ത്രിയുടെ അഭ്യർത്ഥന മാനിച്ചു കൊണ്ട് ഞങ്ങൾ പോൾ ചോദിക്കുന്നില്ല.

മി. സ്പീക്കർ : പ്രമേയം ഐക്യകണ്ഠ്യേന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. ഇനി ഇങ്ങനെ ഹൃദയസ്പൃക്കായി പറയുന്നതൊക്കെ അംഗീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : മിണ്ടാപ്രാണികളുടെ കാര്യമായതു കൊണ്ടാണ്.

ധനാഭ്യർത്ഥന നമ്പർ XXXII
ക്ഷീരവികസനം

മി. സ്പീക്കർ : സർവ്വശ്രീ വി. ഡി. സതീശൻ, ബി. ബാബു പ്രസാദ്, ആര്യാടൻ മുഹമ്മദ്, ജി. കാർത്തികേയൻ, വർക്കല കഹാർ, സി. ടി. അഹമ്മദ് അലി, വി. കെ. ഇബ്രാഹിം കുഞ്ഞ്, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, യു. സി. രാമൻ, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, പ്രൊഫ. എൻ. ജയരാജ്, കെ. പി. മോഹനൻ, ജോർജ് മേഴ്സിയർ, എൻ. ശക്തൻ, ഡൊമിനിക് പ്രസന്റേഷൻ, എ. പി. അബ്ദുള്ളക്കുട്ടി, എം. മുരളി, ടി. എൻ. പ്രതാപൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. ബാബു, എ. പി. അനിൽകുമാർ, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 21-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി -I

(കൃഷിയും സംയോജിതഗ്രാമവികസനവും)

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XXXII- ക്ഷീര വികസനം

ക്രമ നമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	37, 39, 40	സംസ്ഥാനത്തിന്റെ നിലവിലുള്ള വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ പദ്ധതി വിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല. നിലവിലുള്ള വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ പ്രാധാന്യമേറിയ പദ്ധതികൾക്ക് കൂടുതൽ വിഹിതം ലഭ്യമാക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.
2	38	കാലിത്തീറ്റ സബ്സിഡി വിതരണം കൂടുതൽ ഫലപ്രദമാക്കുന്നതിലേക്കായി ഈ പദ്ധതി മൊത്തത്തിൽ പുനഃരാവിഷ്ക്കരിക്കേണ്ടതുണ്ടെന്ന ആസൂത്രണ ബോർഡിന്റെ ശുപാർശ ഇവിടെ പ്രസക്തമാണ്. താഴ്ന്ന വരുമാനക്കാരായ കർഷകർക്ക് മാത്രം പ്രയോജനം ലഭിക്കത്തക്ക രീതിയിലും വർഷകാല സബ്സിഡിയായി പരിമിതപ്പെടുത്തിയും ഇതിലേക്ക് ഒരു സമഗ്രപദ്ധതി സർക്കാർ തലത്തിൽ ആവിഷ്ക്കരിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതിക്ക് അധിക വിഹിതം വകയിരുത്തുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളു.
3	41	കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് അതിന്റെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
		സാമ്പത്തിക വർഷമനുവദിച്ചിരുന്ന 2 കോടി രൂപയുടെ സ്ഥാനത്ത് ഈ വർഷം 4.75 കോടി രൂപയാണ് ധനസഹായമായി വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിഭവശേഷിയുടെ പരിമിതി കണക്കിലെടുക്കുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.
4	42	ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടാണ് നടപ്പുസാമ്പത്തിക വർഷം ഒറ്റത്തവണ കേന്ദ്രസഹായമായി 10 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. ക്ഷീര സഹകരണ സംഘങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനാവശ്യമായ ചെലവ് ഇതിൽ നിന്നും വഹിക്കാവുന്നതാണ്. നിലവിലുള്ള വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല.
5	43	കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഒരു കോടി രൂപയുടെ വർദ്ധനവ് ഈയിനത്തിൽ വരുത്തിയിട്ടുള്ളത് പരിഗണിച്ചും വിഭവസമാഹരണത്തിന്റെ പരിമിതികൾ കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.
6	44	ഇൻഷ്വറൻസ് പരിരക്ഷ വഴി ക്ഷീരകർഷകരുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും സംരക്ഷണം നൽകാൻ വേണ്ടി നടപ്പു സാമ്പത്തിക വർഷം 2404-00-800-79 എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നകാര്യം വിഭവലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly